"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കൊല്ലം ജില്ലാ പോലീസ് കാര്യാലയത്തിൽ MAC Node ഇൻസ്റ്റലേഷനായി ഫർണിച്ചർ വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വകുപ്പ്**

സ.ഉ.(സാധാ) നം.2561/2024/HOME തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:-

1. 08.11.2023 സ.ഉ.(സാധാ) നം.166/2023/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്.
2. സംസ്ഥാന പോലീസ് മേധാവിയുടെ 22.05.2024ലെ എച്ച്1-90381/2024/പി.എച്ച്.ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലാ പോലീസ് കാര്യാലയത്തിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (DANSAF) ടീമിന്റെ മുറി കേരള പോലീസിന്റെ MAC Node ഇൻസ്റ്റലേഷനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത ഇൻസ്റ്റലേഷനായി ഓഫീസ് സജ്ജമാക്കുന്നതിന് ഫർണിച്ചർ ആവശ്യമുണ്ടെന്നും ആയത് വാങ്ങുന്നതിനായി സിഡ്കോയിൽ നിന്നും 14,322/-രൂപയുടെ ഇൻവോയിസ് ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക 2055-109-99-05-04 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകണമെന്നും പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവിൽ ഇളവു വരുത്തി, കൊല്ലം ജില്ലാ പോലീസ് കാര്യാലയത്തിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (DANSAF) ടീം പ്രവർത്തിക്കുന്ന മുറിയിൽ MAC Node ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട് ഓഫീസ് സജ്ജമാക്കുന്നതിന് 14,322/- രൂപ (പതിനാലായിരത്തി മുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) 2055-109-99-05-04 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് സിഡ്കോയിൽ നിന്നും ഒരു സ്റ്റീൽ കംപ്യൂട്ടർ ടേബിളും രണ്ട് സ്റ്റീൽ സന്ദർശക കസേരകളും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (17.08.2024 ലെ വ്യയം-എ3/340/2024-ധന (2834658) പ്രകാരം).
ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalaja Kumari M S
Date: 03.09.2024 14:08:22
സെക്ഷൻ ഓഫീസർ